**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5176** **02-11-2021 - ൽ മറുപടിയ്ക്ക്**

**വിവിധ സർവ്വകലാശാലകൾക്കു കീഴിലുള്ള കോളേജുകളുടെ അക്കാദമിക നിലവാരം വിലയിരുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിൽ എത്ര സർവ്വകലാശാലകളാണ് പ്രവർത്തിച്ചു വരുന്നത്; അവ ഏതൊക്കെയാണ്; ഓരോ സർവ്വകലാശാലയ്ക്കു കീഴിലും എത്ര കോളേജുകൾ ആണുള്ളത്; അവയിൽ സർക്കാർ, എയിഡഡ്, അൺ എയിഡഡ്, സെൽഫ് ഫിനാൻസിങ് എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ ആകെ 10 സർവ്വകലാശാലകളാണ് പ്രവർത്തിച്ചു വരുന്നത്; ഓരോ സർവ്വകലാശാലയ്ക്ക് കീഴിലുമുള്ള സർക്കാർ, എയ്ഡഡ്, അൺ- എയിഡഡ്, സെൽഫ് ഫിനാൻസിങ് മേഖലയിലുള്ള കോളേജുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. 1. കേരള സർവ്വകലാശാല സർക്കാർ - 19 എയ്ഡഡ് - 48 അൺ-എയ്ഡഡ്/സെൽഫ് ഫിനാൻസിങ് - 119 പ്രൈവറ്റ് - 1 2. മഹാത്മാഗാന്ധി സർവ്വകലാശാല സർക്കാർ - 11 എയ്ഡഡ് - 57 അൺ-എയ്ഡഡ്/ സെൽഫ് ഫിനാൻസിങ് - 185 3. കാലിക്കറ്റ് സർവ്വകലാശാല സർക്കാർ - 41 എയ്ഡഡ് - 60 അൺ-എയ്ഡഡ്/സെൽഫ് ഫിനാൻസിങ് - 294 4. കണ്ണൂർ സർവ്വകലാശാല സർക്കാർ - 11 എയ്ഡഡ് - 17 അൺ-എയ്ഡഡ്/സെൽഫ് ഫിനാൻസിങ് - 80 5. കുസാറ്റ് സർവ്വകലാശാല കോൺസ്റ്റിറ്റ്യൂവെന്റ് എഞ്ചിനീയറിംഗ് കോളേജ് - 3 6. എ.പി.ജെ അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല സർക്കാർ - 9 സർക്കാർ സെൽഫ് ഫിനാൻസിങ് - 24 സെൻട്രൽ ഗവ. സെൽഫ് ഫിനാൻസിങ് കോളേജ് - 2 ഗവ. എയ്ഡഡ് - 3 സെൽഫ് ഫിനാൻസിങ് - 107 |
| (ബി) | പ്രസ്തുത കോളേജുകളുടെ അക്കാദമിക നിലവാരം വിലയിരുത്തുന്നതിനായി ഓരോ സർവ്വകലാശാലയും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കേരള സർവ്വകലാശാല 1974 ലെ കേരള സർവകലാശാല ചട്ടം 23 (VI) പ്രകാരം അഫിലിയേറ്റഡ് കോളേജുകളിൽ പരിശോധന നടത്താൻ സിൻഡിക്കേറ്റിനാണ് അധികാരം. 1977 ലെ കേരള സർവകലാശാല പ്രഥമ സ്റ്റാറ്റ്യൂട്ട്സ്, അദ്ധ്യായം 24, സ്റ്റാറ്റ്യൂട്ട്സ് 36 പ്രകാരം പ്രസ്തുത പരിശോധന നടത്താൻ സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്. 11.06.2021 ന് കൂടിയ സിൻഡിക്കേറ്റ് ഐറ്റം നമ്പർ 28.20.10 ആയി വിഷയം പരിഗണിച്ച്, പരിശോധന സംഘത്തെ നിയമിക്കാൻ, കോളേജുകളുടെ അഫിലിയേഷനുള്ള |

സിൻഡിക്കേറ്റി ന്റെ സ്ഥിര സമിതി, കൺവീനറെ ചുമതലപ്പെടുത്തി. സമയബന്ധിത മായി പരിശോധന തീർക്കാനും സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാല അക്കാദമിക നിലവാരം വിലയിരുത്തു ന്നതിനായി, അൺ - എയ്ഡഡ് കോളേജുകൾ/ കോഴ്സുകൾ എന്നിവയു മായി ബന്ധപ്പെട്ട് ഓരോ അക്കാദമിക വർഷവും കോളേജുകളിൽ പരിശോധനകൾ നടത്തുകയും തൃപ്തികരമാണെങ്കിൽ മാത്രമാണ് അഫിലിയേഷൻ പുതുക്കി നൽകുകയും ചെയ്യുന്നത്. ഓരോ കോളേജുകളിലും, പരീക്ഷാ ഹാളിലും, ക്ലാസ്സ് മുറികളിലും CCTV ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാല കാലിക്കറ്റ് സർവ്വകലാശാലയിൽ പുതിയ കോളേജുകൾ, നിലവിലുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ എന്നിവ ആരംഭിക്കുന്നതിനും നിലവിലുള്ള കോഴ്സുകളിൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ അനുമതിയോടെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ 2020-21 അദ്ധ്യയന വർഷത്തിൽ നൂതന ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് സർവ്വകലാശാല സർക്കാരിലേയ്ക്ക് ശിപാർശ ചെയ്ത 78 കോളേജുകളിൽ വിവിധ കോളേജുകളിലായി സിലബസ് അംഗീകരിച്ച 56 കോഴ്സുകൾ സർക്കാർ അനുമതിയോടെ അഫിലിയേഷൻ അനുവദിക്കുകയും ചെയ്തു. ബാക്കിയുള്ള അഫിലിയേഷൻ നടപടികൾ പൂർത്തിയായി വരുന്നു. കണ്ണൂർ സർവ്വകലാശാല കണ്ണൂർ സർവ്വകലാശാലയ്ക്ക കീഴിൽ കോളേജുകളുടെ NAAC റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിനും NAAC റാങ്കിംഗ് ഇല്ലാത്ത കോളേജുകൾക്ക് അതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്താൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, അതിനായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾക്കായി കണ്ണൂർ സർവ്വകലാശാല ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (IQAC) ന്റെ കീഴിൽ കോളേജുകളിലെ IQAC കോ-ഓർഡിനേറ്റർമാരെ കൂടി ഉൾപ്പെടുത്തി ഒരു ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി രൂപീകരിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. എ.പി.ജെ അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല ഈ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെ അക്കാദമിക നിലവാരം വിലയിരുത്തുന്നതിനായി അക്കാഡമിക് ആഡിറ്റ് എന്ന മാനദണ്ഡമാണ് പ്രധാനമായി സ്വീകരിച്ചിട്ടുള്ളത്. അക്കാഡമിക് ഓഡിറ്റ് റിപ്പോർട്ട്

| | | | |
|---|---|---|---|
| | | | അക്കാഡമിക് കൗൺസിൽ പോലുള്ള ഉന്നത അധികാര സമിതികൾ വിലയിരുത്തി ന്യൂനതകൾ പരിഹരിക്കാൻ ആവശ്യ മായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട് . സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജു കളിൽ NBA അക്രെഡിറ്റേഷൻ ലഭ്യമാക്കുന്നതിനായി കോളേജുകളിലെ പ്രിൻസിപ്പൽ മാർക്കും മാനേജർ മാർക്കുമായി ഒരു വർക്.ഷോപ്പ് നടത്തിയിരുന്നു. കൂടാതെ ഇത്തരം കോളേജുകൾക്ക് പരിചയ സമ്പന്ന രായ അക്രെഡിറ്റഡ് കോളേജു കളിലെ അധ്യാപകരുടെ സേവനം പ്രയോജനപ്പെടത്തക്ക രീതിയിലുള്ള Mentoring സംവിധാനവും നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ